March 2019 Reg. No. ..................................... **FY 36**

Name ..........................................

## Part - III

## POLITICAL SCIENCE

Maximum : 80 Scores

Time : **2½** Hours

Cool off time : **15** Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time.
- Use the 'Cool off time' to get familiar with questions and to plan your answers.
- Read the instructions carefully.
- Read the questions carefully before answering.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

Answer all questions from 1 to 14.
(Total 32 scores)

1 മുതൽ 14 വരെയുള്ള എല്ലാചോദ്യങ്ങളും ഉത്തരമെഴുതുക. (ആകെ 32 സ്കോർ)

1. Author of the book 'The Republic'. (1)

1. 'റിപ്പബ്ലിക്ക്' എന്ന കൃതിയുടെ രചയിതാവ്. (1)

2. Fundamental duties were added to the Indian Constitution by the ............ Amendment.
   a) 44$^{th}$
   b) 84$^{th}$
   c) 61$^{st}$
   d) 42$^{nd}$ (1)

2. ................. ഭേദഗതിയിലൂടെയാണ് മൗലിക കടമകൾ ഇന്ത്യൻ ഭരണഘടന യിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടത്.
   a) 44$^{th}$
   b) 84$^{th}$
   c) 61$^{st}$
   d) 42$^{nd}$ (1)

3. The German philosopher who believed that only conflict could facilitate the growth of civilization.
   a) Karl Marx
   b) Frederich Nietzsche
   c) J. S. Mill (1)

3. സംഘർഷത്തിലൂടെ മാത്രമേ നാഗരികത പരിപോഷിപ്പിക്കപ്പെടുകയുള്ളൂ എന്ന് അഭിപ്രായപ്പെട്ട ജർമ്മൻ തത്ത്വ ചിന്തകൻ.
   a) കാൾ മാർക്സ്
   b) ഫ്രഡറിക് നീഷേ
   c) ജെ.എസ്. മിൽ (1)

4. ............. is related to the local self-governing bodies in India.
   a) Sarkaria Commission
   b) Motilal Nehru Committee
   c) P. K. Thungon Committee (1)

4. ഇന്ത്യയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണ് ......................... .
   a) സർക്കാരിയ കമ്മീഷൻ
   b) മോട്ടിലാൽ നെഹ്റു കമ്മറ്റി
   c) പി.കെ തുംഗോൺ കമ്മറ്റി (1)

5. Arrange the following statements in the respective columns given below :

- Members are directly elected.
- Permanent House of Parliament.
- Can be dissolved by the President.
- Money bills are not originated here. **(4)**

| Lok Sabha | Rajya Sabha |
|---|---|
| • ................... | • ................... |
| • ................... | • ................... |

6. Mention any four methods by which Indian citizenship can be acquired. **(2)**

7. Write any two forms of structural violence. **(2)**

8. Mention any two advantages of studying political theory. **(2)**

9. Define 'Harm Principle'. Identify the philosopher who is associated with this. **(2)**

5. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ഉചിതമായ കോളങ്ങളിൽ തരംതിരിച്ചെഴുതുക.

- അംഗങ്ങൾ നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്നു.
- പാർലമെന്റിലെ സ്ഥിരംസഭയാണ്.
- രാഷ്ട്രപതിക്ക് പിരിച്ചുവിടാൻ കഴിയും.
- ധനബില്ലുകൾ ഇവിടെ ഉത്ഭവിക്കുന്നില്ല. **(4)**

| ലോക്സഭ | രാജ്യസഭ |
|---|---|
| • ................... | • ................... |
| • ................... | • ................... |

6. ഇന്ത്യൻ പൗരത്വം ആർജ്ജിക്കുന്നതിനുള്ള ഏതെങ്കിലും നാല് മാർഗ്ഗങ്ങൾ പരാമർശിക്കുക. **(2)**

7. ഘടനാപരമായ ഹിംസയുടെ ഏതെങ്കിലും രണ്ട് രൂപങ്ങൾ എഴുതുക. **(2)**

8. രാഷ്ട്രീയ സിദ്ധാന്തം പഠിക്കുന്നതിന്റെ ഏതെങ്കിലും രണ്ട് ഗുണഫലങ്ങൾ സൂചിപ്പിക്കുക. **(2)**

9. 'ഹാനിതത്വം' എന്തെന്ന് നിർവ്വചിക്കുക. ഈ ആശയത്തോട് ബന്ധപ്പെട്ട ചിന്തകൻ ആരെന്ന് കണ്ടെത്തുക. **(2)**

**10.** Match the following. **(4)**

**10.** ചേരുംപടി ചേർക്കുക. **(4)**

| A | | B | |
|---|---|---|---|
| a) | Power of Judicial Review<br>കോടതിയുടെ പുനരവലോകന അധികാരം | i) | Ireland<br>അയർലൻഡ് |
| b) | Law-making procedure<br>നിയമനിർമ്മാണ പ്രക്രിയ | ii) | Canada<br>കാനഡ |
| c) | Directive principles of state policy<br>നിർദ്ദേശക തത്വങ്ങൾ | iii) | UK<br>യു.കെ |
| d) | Quasi-federal form of government<br>അർദ്ധ ഫെഡറൽ ഭരണരീതി | iv) | USA<br>യു.എസ്.എ |

**11.** Point out any three criticisms which are levelled against the Indian Constitution. **(3)**

**12.** Write a brief sketch on the various principles of justice. **(3)**

**13.** Suggest three different methods by which equality can be promoted. **(3)**

**14.** Briefly explain any three factors contributing to the emergence of nationalism. **(3)**

**11.** ഇന്ത്യൻ ഭരണഘടനക്കെതിരായി ഉന്നയിക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും മൂന്ന് വിമർശനങ്ങൾ ചൂണ്ടിക്കാണിക്കുക. **(3)**

**12.** നീതിയുടെ വിവിധ തത്വങ്ങളെക്കുറിച്ച് ഒരു ചെറുവിവരണം നൽകുക. **(3)**

**13.** സമത്വം പരിപോഷിപ്പിക്കുന്നതിനുള്ള മൂന്ന് വ്യത്യസ്ത സമ്പ്രദായങ്ങൾ നിർദ്ദേശിക്കുക. **(3)**

**14.** ദേശീയതയുടെ രൂപീകരണത്തിന് കാരണമാകുന്ന ഏതെങ്കിലും മൂന്ന് ഘടകങ്ങൾ ചുരുക്കി വിവരിക്കുക. **(3)**

**Answer any four questions from 15 to 19. Each carries four scores.** **(4 × 4 = 16)**

**15. Critically evaluate the discretionary powers of the President of India in the era of coalition.**

**16.** Modern development facing some serious challenges. Analyze the role of alternative concepts of development in resolving their challenges.

**17.** The Supreme Court has specific jurisdictions defined by the Indian Constitution. Explain.

**18.** Examine the relationship between rights and responsibilities.

**19.** State how the F.P.T.P. system differs from the Proportional Representation.

**15 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

**15.** കൂട്ടുകക്ഷി ഭരണത്തിന്റെ കാലഘട്ടത്തിൽ ഇന്ത്യൻ പ്രസിഡന്റിന്റെ വിവേചനാധികാരങ്ങൾ വിമർശനാത്മകമായി വിലയിരുത്തുക.

**16.** ആധുനിക വികസനം ചില ഗുരുതരമായ വെല്ലുവിളികൾ നേരിടുകയാണ്. ഇത്തരം വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള ബദൽ വികസന മാതൃകകൾ വിശകലനം ചെയ്യുക.

**17.** സുപ്രീംകോടതിക്ക് ഇന്ത്യൻ ഭരണഘടന നിഷ്കർഷിക്കുന്ന വ്യക്തമായ അധികാരപരിധികളുണ്ട്. വിശദമാക്കുക.

**18.** അവകാശങ്ങളും ഉത്തരവാദിത്വങ്ങളും തമ്മിലുള്ള ബന്ധം പരിശോധിക്കുക.

**19.** എഫ്.പി.റ്റി.പി. സമ്പ്രദായം എപ്രകാരം ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുക.

**Answer any four questions from 20 to 25. Each carries five scores.**
**(4 × 5 = 20)**

**20 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(4 × 5 = 20)**

**20.** Narrate the functions of the Election Commission in conducting free and fair elections in India.

**20.** ഇന്ത്യയിൽ സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ വിവരിക്കുക.

**21.** 'The Indian secularism is fundamentally different from the western model'. Evaluate the relevance of this statement.

**21.** ഇന്ത്യൻ മതേതരത്വം പാശ്ചാത്യ മതേതരത്വത്തിൽ നിന്ന് മൗലികമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ പ്രസ്താവനയുടെ പ്രസക്തി വിശകലനം ചെയ്യുക.

**22.** "The 42nd Amendment was a rewriting of many parts of the original Constitution".
In the light of the above mentioned statement analyze the three different methods by which the Indian Constitution can be amended.

**22.** '42-ാം ഭരണഘടനാ ഭേദഗതി ഇന്ത്യൻ ഭരണഘടനയുടെ മൂലരൂപത്തിൽ ഒട്ടേറെ തിരുത്തലുകൾ നടത്തുകയുണ്ടായി'. ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള മൂന്ന് വിഭിന്ന നടപടിക്രമങ്ങൾ വിശകലനം ചെയ്യുക.

**23.** Examine the various demands for autonomy existing within the Indian Federal System.

**Hints** :

- Legitimate division of powers
- Administrative autonomy
- Financial autonomy
- Demands for autonomy relating to cultural and linguistic issues.

**23.** ഇന്ത്യൻ ഫെഡറൽ വ്യവസ്ഥിതിയിൽ നിലനിൽക്കുന്ന സ്വയംഭരണത്തിനായുള്ള വിഭിന്ന അവകാശവാദങ്ങൾ പരിശോധിക്കുക.

**സൂചനകൾ :**

- നീതിയുക്തമായ അധികാര വിഭജനം
- ഭരണപരമായ സ്വയംഭരണം
- ധനപരമായ സ്വയംഭരണം
- സാംസ്കാരികവും ഭാഷാപരവുമായ സ്വയംഭരണം

**24.** Briefly explain the methods by which the Parliament controls the executive.

**24.** കാര്യനിർവ്വഹണ വിഭാഗത്തെ നിയന്ത്രിക്കുന്നതിന് പാർലമെന്റ് അനുവർത്തിക്കുന്ന മാർഗ്ഗങ്ങൾ ചുരുക്കി വിവരിക്കുക.

**25.** 'Constitution prescribes limitations upon the powers of Government'.
Based on this statement, explain the chief functions of a Constitution.

**25.** 'ഭരണഘടന ഗവൺമെന്റിന്റെ അധികാരങ്ങൾക്ക് പരിധി നിശ്ചയിക്കുന്നു. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഭരണഘടനയുടെ പ്രധാന ധർമ്മങ്ങൾ വിശദമാക്കുക.

**Answer any two questions from 26 to 28. Each carries six scores.**
**(2 × 6 = 12)**

**26.** 'The 73rd and 74th Constitutional Amendments aimed at strengthening local self-governing institutions in India'. Critically evaluate the changes brought about by the 73rd Amendment in Panchayathi Raj Institutions.

**27.** 'Fundamental Rights are very essential for the free exercise of human faculties'.
In the light of this statement, analyze the significance of Fundamental Rights guaranteed under the Indian Constitution.

**28.** What do you understand by the term 'secularism'?
Briefly explain the various criticisms raised against Indian Secularism.
**Hints** :
- Anti-religious
- Vote bank politics
- Western import

**26 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2 × 6 = 12)**

**26.** 'ഇന്ത്യയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് 73,74 ഭരണഘടനാ ഭേദഗതികൾ നിർവ്വഹിക്കപ്പെട്ടത്.' പഞ്ചായത്തിരാജ് സ്ഥാപനങ്ങളിൽ 73-ാം ഭരണഘടനാ ഭേദഗതി കൊണ്ടുവന്ന മാറ്റങ്ങളെ വിമർശനാത്മകമായി അപഗ്രഥിക്കുക.

**27.** 'മാനവശേഷിയുടെ സ്വതന്ത്രമായ വികസനത്തിന് ഏറ്റവും അത്യന്താപേക്ഷിതമത്രേ മൗലികാവകാശങ്ങൾ'. ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ഇന്ത്യൻ ഭരണഘടന ഉറപ്പു വരുത്തിയിരിക്കുന്ന മൗലികാവകാശങ്ങളുടെ സാംഗത്യം വിശകലനം ചെയ്യുക.

**28.** 'മതനിരപേക്ഷത' എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? ഇന്ത്യൻ മതനിരപേക്ഷതയ്ക്ക് എതിരായി ഉന്നയിക്കപ്പെട്ടിരിക്കുന്ന പ്രധാന വിമർശനങ്ങൾ ചുരുക്കത്തിൽ വിവരിക്കുക.
**സൂചനകൾ :**
- മതവിരുദ്ധം
- വോട്ട്ബാങ്ക് രാഷ്ട്രീയം
- പാശ്ചാത്യ ഇറക്കുമതി